# KANNUR UNIVERSITY
## (SINGLE WINDOW CELL)

SWC/SWC IV/9546/2024 20.06.2024

**കണ്ണൂർ സർവ്വകലാശാല അഫിലിയേറ്റഡ് കോളേജുകളിലെ പി.ജി പ്രവേശനം 2024 -25 - പൊതു നിർദ്ദേശങ്ങൾ/ നടപടിക്രമങ്ങൾ**

**അപേക്ഷകർക്കുള്ള നിർദേശങ്ങൾ**

1.പ്രവേശനവുമായി ബന്ധപ്പെട്ട എല്ലാ വിവര ങ്ങളും **https://admission.kannuruniversity.ac.in/** എന്ന വെബ്സൈറ്റിൽ അതാതു സമയങ്ങളിൽ ലഭ്യമാക്കുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്നവർ വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രോസ്പെക്ടസ്സ് നിർബന്ധമായും കാണുക.

2. പി.ജി. പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനായി ഒരു വിദ്യാർത്ഥിക്ക് 10 ഓപ് ഷൻ വരെ തിരഞ്ഞെടുക്കാം.

3. വെയിറ്റേജ്/ സംവരണാനുകൂല്യം ആവശ്യമുള്ള വിദ്യാർത്ഥികൾ പ്രസ്തുത വിവരങ്ങൾ ഓൺലൈൻ അപേക്ഷയിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം പ്രവേശനസമയത്ത് രേഖകൾ ഹാജരാക്കിയാലും ആനുകൂല്യം ലഭിക്കുന്നതല്ല.

4.ഓപ് ഷൻ കൊടുത്ത കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം തുടർന്ന് വരുന്ന അലോട് മെന്റിൽ പരിഗണിക്കുന്നതല്ല.

5. അലോട് മെന്റ് ലഭിച്ചുകഴിഞ്ഞാൽ നിശ്ചിത തിയ്യതിക്കുള്ളിൽ സർവകലാശാല ഫീസ് (അഡ്മിഷൻ ഫീസ്) നിർബന്ധമായും അടക്കേണ്ടതാണ്. അല്ലാത്തവർ അലോട് മെന്റിൽ നിന്നും പുറത്താവുന്നതാണ്.

6. രജിസ്ട്രേഷൻ ഫീ, അഡ്മിഷൻ ഫീ എന്നിവ അടച്ച ചലാൻ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

7. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, ഫീസ് അടച്ച ചലാൻ എന്നിവ കോളേജിലേക്കോ സർവ്വകലാശാലയിലേക്കോ അയക്കേണ്ടതില്ല. ഇവ പ്രവേശനസമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

8. രണ്ടാമത്തെ അലോട് മെന്റിന് ശേഷമാണ് അലോട് മെന്റ് മെമ്മോ വെബ് സൈറ്റിൽ നിന്നും ലഭിക്കുക. രണ്ടാമത്തെ അലോട് മെന്റിന് ശേഷം മാത്രമേ കോളേജുകളിൽ പ്രവേശനം നേടേണ്ടതുള്ളൂ.

9. രണ്ടാമത്തെ അലോട് മെന്റിന് ശേഷവും ഹയർ ഓപ് ഷൻസ് നിലനിർത്താൻ ആഗ്രഹിക്കുന്നവർ കോളേജുകളിൽ പ്രവേശനത്തിന് ഹാജരാകുകയും താത് കാലിക പ്രവേശനം നേടേണ്ടതുമാണ്. സർവകലാശാല അഡ്മിഷൻ ഫീസ് മാത്രമാണ് താത് കാലിക പ്രവേശനം നേടുന്നവർ ഒടുക്കേണ്ടത്. താത് കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജുകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. മറ്റു ഫീസുകൾ വാങ്ങേണ്ടതില്ല.

10.അലോട് മെന്റ് ലഭിച്ച വിദ്യാർഥികൾ തങ്ങൾക്ക് ലഭിച്ച അലോട് മെന്റിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ് ഷൻസ് റദ്ദ് ചെയ്യേണ്ടതും സ്ഥിരപ്രവേശനം നേടേണ്ടതുമാണ്.

11. ഹയർ ഓപ് ഷൻസ് നിലനിർത്തുന്ന പക്ഷം അടുത്ത അലോട് മെന്റിൽ അവ പരിഗണിക്കുന്നതും, അലോട് മെന്റ് ലഭിക്കുന്നയാൾ നിർബന്ധമായും അത് സ്വീകരിക്കേണ്ടതുമാണ്.

12. അലോട് മെന്റ് ലഭിച്ചാൽ ലോവർ ഓപ് ഷൻസ് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

**പി.ജി അലോട് മെന്റ് പ്രോസസ്സ് താഴെപറയുന്ന പ്രക്രിയകൾ ഉൾപ്പെടുന്നതാണ്.**

1. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭം

2. ട്രയൽ അലോട് മെന്റ്.

3. തിരുത്തലുകൾക്ക് സമയം.

4. ഓൺലൈൻ രജിസ്ട്രേഷൻ ക്ലോസിങ്

5. **ഒന്നാം അലോട് മെന്റ് :** അപേക്ഷകർ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കുക. അലോട് മെന്റ് ലഭിച്ചവർ അഡ്മിഷൻ ഫീസ് ഒടുക്കുക. അഡ്മിഷൻ ഫീസ് ഒടുക്കാത്തവർ അലോട് മെന്റിൽ നിന്നും പുറത്താവുന്നതായിരിക്കും. അലോട് മെന്റിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ് ഷൻസ് റദ്ദാക്കുക. ഹയർ ഓപ് ഷൻസ് നിലനിർത്തുന്നവരെ അടുത്ത അലോട് മെന്റിൽ ഹയർ ഓപ് ഷനുകളിലേക്ക് പരിഗണിക്കുന്നതാണ്. ഫീസ് അടച്ച ചലാൻ പ്രവേശന സമയത്ത് ഹാജരാക്കുന്നതിനായി സൂക്ഷിക്കുക.

**6.രണ്ടാം അലോട് മെന്റ്** : രണ്ടാം അലോട് മെന്റിൽ ആദ്യമായി അലോട് മെന്റ് ലഭിക്കുന്നവർ അഡ്മിഷൻ ഫീസ് ഒടുക്കുക. അഡ്മിഷൻ ഫീസ് ഒടുക്കാത്തവർ അലോട് മെന്റിൽ നിന്നും പുറത്താവുന്നതായിരിക്കും. അലോട് മെന്റിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ് ഷൻസ് റദ്ദാക്കുക. ഹയർ ഓപ് ഷൻസ് നിലനിർത്തുന്നവരെ അടുത്ത അലോട് മെന്റിൽ ഹയർ ഓപ് ഷനുകളിലേക്ക് പരിഗണിക്കുന്നതാണ്. ഫീസ് അടച്ച ചലാൻ പ്രവേശന സമയത്ത് ഹാജരാക്കുന്നതിനായി സൂക്ഷിക്കുക.

**7.അഡ്മിഷൻ (കോളേജ് പ്രവേശനം) :** സർവകലാശാല നിർദ്ദേശിക്കുന്ന തിയ്യതികളിൽ താഴെ പറയുന്ന രേഖകളോടൊപ്പം അലോട് മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനത്തിന് വിദ്യാർത്ഥികൾ ഹാജരാക്കേണ്ടതാണ്. (ഹയർ ഓപ് ഷനുകൾ നിലനിർത്തുന്നവർ സർവകലാശാല ഫീസ് മാത്രം അടച്ച് താത് കാലിക പ്രവേശനവും, ഹയർ ഓപ് ഷനുകൾ നിലവിലില്ലാത്തവർ സ്ഥിര പ്രവേശനവും നേടേണ്ടതാണ്.)

എ) ഓൺലൈൻ അപ്ലിക്കേഷൻറെ പ്രിൻറ് ഔട്ട്

ബി) രജിസ്ട്രേഷൻ ഫീ, സർവകലാശാല അഡ്മിഷൻ ഫീ എന്നിവ ഒടുക്കിയതിന്റെ ചലാൻ.

സി) ജനന തീയ്യതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് .

ഡി)യോഗ്യത പരീക്ഷയുടെ മാർക്ക് കാർഡുകളും സർട്ടിഫിക്കറ്റും

ഇ ) അവസാനമായി പഠിച്ച സ്ഥാപനത്തിൽ നിന്നുമുള്ള ടി.സി

എഫ് ) കോഴ്സ് &കോണ്ടക്ട് സർട്ടിഫിക്കറ്റ്.

ജി ) SC/ST അപേക്ഷകരാണെങ്കിൽ കമ്മ്യൂണിറ്റി/ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

എച്) നോൺ-ക്രീമി ലയർ സർട്ടിഫിക്കറ്റ് (SEBC വിഭാഗത്തിൽ പെടുന്നവരാണെങ്കിൽ)

ഐ) EWS കാറ്റഗറിയാണെങ്കിൽ തെളിയിക്കുന്നതിനാവശ്യമായ, വില്ലേജ് ഓഫീസർ അനുവദിച്ച അന്ത്യോദയ അന്നയോജന/ ഇൻകം ആൻഡ് അസറ്റ്സ് സർട്ടിഫിക്കറ്റ്

ജെ) ഗ്രേസ് മാർക്കിന് അർഹതയുണ്ടെങ്കിൽ, തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

കെ ) അലോട്ട്മെന്റ് മെമ്മോ

എൽ) റെക്കഗ്നിഷൻ സർട്ടിഫിക്കറ്റ്(ബാധകമാണെങ്കിൽ) / തുല്യതാ സർട്ടിഫിക്കറ്റ് (ബാധകമാണെങ്കിൽ)

എം)അപേക്ഷകളിൽ രേഖപ്പെടുത്തിയ മറ്റേതെങ്കിലും ക്ലെയിം തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ.

എൻ) OEC വിഭാഗത്തിൽ പെടുന്ന അപേക്ഷകരെ SC/ST വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതിന് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**8. രണ്ടാം ആലോട്ട്മെൻറിന് ശേഷം ക്ലാസ്സുകൾ ആരംഭിക്കുന്നതായിരിക്കും.**

**9.അതിന് ശേഷം ഉള്ള ഒഴിവുകൾ കോളേജുകൾ സർവകലാശാലയെ അറിയിക്കേണ്ടതാണ്.**

**10.അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിനും പുതിയ അപേക്ഷസമർപ്പണത്തിനും അവസരം**

രണ്ടാം ആലോട്ട്മെൻറിന് ശേഷം പുനർ മൂല്യനിർണ്ണയത്തിൽ മാർക്ക് കൂടിയ വിദ്യാർത്ഥികൾക്ക് പുതിയ മാർക്ക് എൻട്രി ചെയ്യുന്നതിനും, റിസർവേഷൻ കാറ്റഗറി, വെയിറ്റേജ് മാർക്കിന്റെ അർഹത യോഗ്യതാപരീക്ഷയുടെ മാർക്ക് എന്നിവ തെറ്റായി രേഖപ്പെടുത്തിയവർക്ക് തിരുത്തുന്നതിന് അവസരം നൽകുന്നതും, ശേഷം മൂന്നാം അലോട് മെന്റിലേക്ക് നീങ്ങുന്നതുമായിരിക്കും. ഇപ്രകാരം പരിഗണിക്കേണ്ടവർ രേഖകൾ സഹിതം സർവ്വകലാശാലയെ സമീപിക്കേണ്ടതാണ്.(E-mail id - pgsws@kannuruniv.ac.in)

**11.മൂന്നാം അലോട് മെന്റ്:** മൂന്നാം അലോട് മെന്റിൽ ആദ്യമായി അലോട് മെന്റ് ലഭിച്ചവർ അഡ്മിഷൻ ഫീസ് ഒടുക്കുകയും, കോളേജിൽ പ്രവേശനം നേടുകയും ചെയ്യേണ്ടതാണ്. അഡ്മിഷൻ ഫീസ് ഒടുക്കാത്തവർ അലോട് മെന്റിൽ നിന്നും പുറത്താവുന്നതായിരിക്കും. ഫീസ് അടച്ച ചലാൻ പ്രവേശന സമയത്ത് ഹാജരാക്കുന്നതിനായി സൂക്ഷിക്കുക. ഹയർ ഓപ് ഷനിൽ അലോട് മെന്റ് ലഭിച്ചവർ നേരത്തെ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും സർട്ടിഫിക്കറ്റുകൾ തിരിച്ച് വാങ്ങി പുതുതായി അലോട് മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം അഡ്മിഷൻ ക്യാൻസൽ ആകുന്നതാണ്.

12. **സ്ഥിര പ്രവേശനം**: മൂന്നാം അലോട് മെന്റ് മുതൽ സ്ഥിര പ്രവേശനമാണ് നേടേണ്ടത്. ഇതുവരെ താത് കാലിക പ്രവേശനം നേടിയവർ സ്ഥിര പ്രവേശനത്തിലേക്ക് മാറേണ്ടതാണ്.

**13 . ഇതിന് ശേഷം ഉള്ള ഒഴിവുകൾ കോളേജുകൾ റിപ്പോർട്ട് ചെയ്യണം.**

14.മൂന്നാം ആലോട്ട്മെൻറിന് ശേഷം SC/ ST വിദ്യാർത്ഥികൾക്ക് മാത്രമായുള്ള പ്രത്യേക രജിസ്ട്രേഷൻ SC/ ST സ്പെഷ്യൽ അലോട് മെന്റ്, ഫീ ഒടുക്കൽ, അലോട് മെന്റ് ലഭിച്ചവരുടെ പ്രവേശനം എന്നിവ നടക്കും

**15. സ്പോട്ട് അഡ്മിഷൻ**

മൂന്നാം ആലോട്ട്മെൻറ്, SC/ ST വിദ്യാർത്ഥികൾക്ക് മാത്രമായുള്ള അലോട് മെന്റ് എന്നിവയ്ക്ക് ശേഷവും ഒഴിവുള്ള

സീറ്റുകളിൽ **സ്പോട്ട് അഡ്മിഷൻ** നടക്കും.

**i)** വിവിധ കാരണങ്ങളാൽ അലോട്മെന്റിൽ നിന്നും പുറത്തായവർക്കും, പ്രവേശനം ഇതുവരെ ലഭിച്ചവർക്കും ലഭിക്കാത്തവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. ഓൺലൈൻ അപേക്ഷയുടെ പ്രിൻറൗട്ടും സ്പോട്ട് അഡ്മിഷന് പരിഗണിക്കണമെന്ന അപേക്ഷയുമാണ് കോളേജുകളിൽ നൽകേണ്ടത്. പ്രവേശനം നിലവിൽ ലഭിച്ച അപേക്ഷകർ മറ്റു കോളേജുകളിൽ ചേരുന്നതിന് ടി.സി വാങ്ങുന്നതിന് മുമ്പ് പ്രവേശനത്തിന് ഹാജരായി പ്രവേശനം ലഭിക്കുമെന്ന് ഉറപ്പു വരുത്തിയിരിക്കണം.

ii)സ്പോട്ട് അഡ്മിഷനിൽ ജനറൽ വിഭാഗത്തിൽ വരുന്ന ഒഴിവുകളിലേക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുമ്പോൾ മെറിറ്റിനെ ബാധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ജനറൽ വിഭാഗത്തിൽ വരുന്ന ഒഴിവിലേക്ക് പരിഗണിക്കുന്ന കുട്ടിക്ക് ഇതര വിഭാഗങ്ങളിൽ പ്രവേശനം ലഭിച്ച കുട്ടികളെക്കാൾ ഇൻഡക്സ് മാർക്ക് കുറവാണെങ്കിൽ ഇതര വിഭാഗത്തിലുള്ള വിദ്യാർത്ഥികളെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ ജനറൽ വിഭാഗത്തിലേക്ക് പ്രൊമോട്ട് ചെയ്യേണ്ടതാണ്. തുടർന്ന് ഇതര വിഭാഗങ്ങളിൽ വരുന്ന ഒഴിവുകൾ നികത്തുന്നത് പരിഗണിക്കേണ്ടതാണ്.

**iii) സ്പോർട് സ് ക്വാട്ട, EWS, PWBD, എന്നിവ അനുവദിച്ച സീറ്റുകൾക്ക് ഉപരിയായി നല്കുന്നതാകയാൽ, അർഹമായ അപേക്ഷകരുടെ അഭാവത്തിൽ മറ്റ് വിഭാഗങ്ങളിൽ നിന്നും നികത്താൻ പാടുള്ളതല്ല.**

**16.. ആദ്യം ഗവ/ എയ്ഡഡ് കോളേജുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ അപേക്ഷ സമർപ്പണവും** (SC/ ST ഉൾപ്പെടെ), അഡ്മിഷനും , തുടർന്ന് .സെൽഫ് ഫൈനാൻസിങ് കോളേജുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ അപേക്ഷ സമർപ്പണവും അഡ്മിഷനും നടക്കും.

17.സ്പോട്ട് അഡ്മിഷനുശേഷമുണ്ടാകുന്ന ഒഴിവുകൾ കോളേജുകൾ സ്പോട്ട് അഡ്മിഷൻ റാങ്ക് ലിസ്റ്റിൽ നിന്നും റാങ്ക് ലിസ്റ്റ് തീർന്നാൽ, പത്രക്കുറിപ്പുകൾ നൽകിയും മാനദണ്ഡങ്ങൾ പ്രകാരം നികത്തേണ്ടതാണ്. SC/ST ഒഴിവുകൾ ഒരു പ്രാവശ്യം പത്രക്കുറിപ്പ് നൽകിയതിന് ശേഷവും ഒഴിഞ്ഞുകിടക്കുകയാണെങ്കിൽ മാനദണ്ഡങ്ങൾ അനുസരിച്ച് മറ്റുവിഭാഗങ്ങളിൽ നിന്ന് നികത്തേണ്ടതാണ്. അഡ്മിഷന് നിശ്ചയിച്ചിട്ടുള്ള അവസാന തീയ്യതി വരെ ഉണ്ടാകുന്ന ഒഴിവുകൾ കോളേജുകൾക്ക് നികത്താവുന്നതാണ്.

18. തിരുത്തലുകൾക്ക് അനുവദിച്ചിട്ടുള്ള സമയം അവസാനിച്ചതിന് ശേഷം അപേക്ഷയിൽ നടത്തുന്ന എല്ലാവിധ തിരുത്തലുകൾക്കും 200/- രൂപ ഫീസ് ഒടുക്കേണ്ടതാണ്.

19. സ്പോർട് സ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, മാനേജ്മെന്റ് ക്വാട്ട എന്നിവയിലെ പ്രവേശനത്തിന് ഓൺലൈൻ അപേക്ഷയുടെ പകർപ്പും ആവശ്യമായ രേഖകളും അതാത് കോളേജുകളിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.

20.സ്പോർട് സ് ക്വാട്ട അപേക്ഷകൾ ഓൺലൈൻ രജിസ്ട്രേഷന് നിശ്ചയിച്ചിട്ടുള്ള അവസാന തിയ്യതി വരെ അതാത് കോളേജുകളിൽ സമർപ്പിക്കാം.

21. ഇതുവരെ ചെയ്തിട്ടുള്ളത് പോലെ പി.ജി കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് കോളേജ് തന്നെ തയ്യാറാക്കി അഡ്മിഷൻ നടത്തേണ്ടതാണ്.

22. മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷൻ ലിങ്ക് അഡ്മിഷന് നിശ്ചയിച്ചിട്ടുള്ള അവസാന തിയ്യതി വരെ നിലനിർത്തുന്നതായിരിക്കും

23. സായി, സ്പോർട് സ് കൗൺസിൽ, ലക്ഷദ്വീപ് എന്നീ വിഭാഗങ്ങളിൽ പെട്ട വിദ്യാർത്ഥികളെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിന് ശേഷം അധിക സീറ്റ് അനുവദിച്ച് (ആവശ്യമെങ്കിൽ സ്റ്റാറ്റിയൂട്ടറി ലിമിറ്റിന് ഉപരിയായി) കോളേജുകൾക്ക് പ്രവേശനം നൽകാവുന്നതാണ്. ഈ വിദ്യാർഥികൾ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം പ്രവേശനം അനുവദിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ സർവ്വകലാശാലയെ അറിയിക്കേണ്ടതാണ്.

24. മേൽ പറഞ്ഞിട്ടുള്ള എല്ലാ നടപടിക്രമങ്ങളിലും സാഹചര്യങ്ങൾക്ക് അനുസരിച്ച് സർവകലാശാല മാറ്റം വരുത്തിയേക്കാം. നടപടിക്രമങ്ങളിലെ മാറ്റം പത്രക്കുറിപ്പുകൾ /സർവകലാശാല വെബ്സൈറ്റ്/ കോളേജുകളിലേക്കുള്ള സർക്കുലർ എന്നിവ വഴി അറിയിക്കുന്നതായിരിക്കും.